## പതിമൂന്നാം കേരള നിയമസഭ നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *95 20/03/2012 - ലെ മറുപടിക്ക്**

# അക്കാദമിക് സിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന എമെർജിംഗ് കേരള പദ്ധതിയിലുൾപ്പെടുത്തി വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ഒരു ഉന്നത വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ദുബായ് നോളജ് വില്ലേജിന്റെ മാതൃകയിലാണ് പദ്ധതി ഉദ്ദേശിക്കുന്നത് 100% വിദേശ ഉടമസ്ഥതയിലുള്ള പഠന പരിശീലന സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള എഡ്യുക്കേഷണൽ ഫ്രീ ട്രേഡ് സോൺ ആണ് ദുബായ് നോളജ് വില്ലേജ്. |
| ബി) അക്കാദമിക് സിറ്റി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) അക്കാദമിക് സിറ്റി എന്നത് കൊണ്ട് അർത്ഥമാക്കുന്നത് വിവിധ സർവകലാശാലകളുടെ അംഗീകാരത്തോടെ വിവിധ കോഴ്സുകൾ ഒരേ മേൽകൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ്. ലോകത്തിലെ വൻകിട സർവകലാശാലകളിൽ നടത്തുന്നതും ആധുനിക വിജ്ഞാനാനുബന്ധിയുമായ കോഴ്സുകളാണ് ഇതിലൂടെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളിൽ ഇതുവരേയും നടപ്പാക്കാത്ത കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച കാര്യങ്ങളാണ് പരിഗണനയിലുള്ളത്. കേരളത്തിൽ അക്കാദമിക് സിറ്റി |

സ്ഥാപിതമായാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രസ്തുത കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾ ഇവിടെ എത്തിച്ചേരും. ഇതര രാജ്യങ്ങളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിൽ നിന്നും വിദ്യ നേടാം. ഉദാഹരണത്തിന് ഓക്സ്ഫോർഡ് സർവകലാശാലയുടെ ഒരു സ്റ്റഡിസെന്റർ അക്കാദമിക് സിറ്റിയിൽ ആരംഭിച്ചാൽ സിലബസും, ഫാക്കൽറ്റിയുമെല്ലാം ഓക്സ്ഫോർഡിന്റേതായിരിക്കും. സർട്ടിഫിക്കറ്റും അവർ തന്നെ വിതരണം ചെയ്യും. ഇംഗ്ലണ്ട്, അമേരിക്ക, യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോൾ ഇത്തരം അക്കാദമിക് സിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

സി) ഇത് സംബന്ധിച്ച് ദുബായ് ആസ്ഥാനമായ സ്ഥാപനവുമായി അനൗപചാരിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി പ്രാരംഭ ദശയിലാണ്. ദുബായിലെ നോളജ് സിറ്റി സന്ദർശിക്കുന്നതിന് ഒരു ഉന്നത തല ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**